"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് (KIIFB) വേണ്ടി ഭൂമിയും കെട്ടിടവും വാങ്ങുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ധനകാര്യ (വ്യയം-ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.55/2026/ധന. തീയതി, തിരുവനന്തപുരം, 15.03.2026

==========================================================================

പരാമർശം : 1. 30.06.2025 തീയതിയിലെ Circular No.REV-B2/183/2023-REV
2. File No. INFRA 6/2/2024/Fin (E:2753332)

**ഉത്തരവ്**

കിഫ്ബി കഴിഞ്ഞ നിരവധി വർഷങ്ങളായി വിവിധ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. കിഫ്ബിയുടെ വിപുലീകരിച്ച ചുമതലകളും നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കുന്നതുമായ ജീവനക്കാരുടെ വർധനയും പരിഗണിച്ച്, കിഫ്ബിയ്ക്ക് സ്വന്തമായി കെട്ടിടം വേണമെന്ന ആവശ്യം കിഫ്ബിയുടെ 46-ാമത് ഗവേണിംഗ് ബോർഡ് അംഗീകരിച്ചു.

2. ഈ അംഗീകാരത്തെ തുടർന്ന്, അനുയോജ്യമായ കെട്ടിടം ഉൾപ്പെടെയുള്ള സ്ഥലം വാങ്ങുന്നതിനായി നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ഇപ്പോൾ പ്രവർത്തിച്ച് വരുന്ന കെട്ടിടം വാങ്ങാനുള്ള പ്രൊപ്പോസൽ കിഫ്ബി സർക്കാരിൽ സമർപ്പിച്ചു. സർക്കാർ ഇക്കാര്യം പരിശോധിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം എം.ജി. റോഡിലെ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് എതിർ വശത്ത് ഇപ്പോൾ കിഫ്ബി പ്രവർത്തിക്കുന്ന കെട്ടിടത്തോടുകൂടിയ ഭൂമി പരസ്പര സമ്മതത്തോടു കൂടിയുള്ള പർച്ചേയ്സിന് (negotiated purchase) പരാമർശത്തിലെ സർക്കുലർ വ്യവസ്ഥകൾ പ്രകാരം വാങ്ങുന്നതിനുള്ള ശിപാർശയ്ക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

1. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ കെട്ടിടവും സ്ഥലവും വാങ്ങേണ്ടതാണ്.

2. ഭൂമിയും സ്ഥലവും വാങ്ങുന്നതിന് State Level Purchase Committee ശിപാർശ അംഗീകരിച്ചതിന് ശേഷമേ സ്ഥലത്തിന്റെ വില നിശ്ചയിക്കാവൂ; തുടർന്ന് ശിപാർശ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

3. വാങ്ങൽ ചെലവ് കിഫ്ബി ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

4. ഇപ്പോൾ ശിപാർശ ചെയ്തിരിക്കുന്ന ഭൂമിയും കെട്ടിടവും തെരഞ്ഞെടുക്കുന്നതിൽ തീരുമാനമെടുത്തതിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കിഫ്ബി ഉറപ്പുവരുത്തേണ്ടതാണ്.

5. കെട്ടിടത്തിന്റെ ശരിയായ പരിപാലനവും അറ്റകുറ്റപ്പണികളും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി.
4. ജില്ലാ കലക്ടർ, തിരുവനന്തപുരം.
5. റവന്യൂ വകുപ്പ്.
6. പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ: 4016, തീയതി:14.03.2026).
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E.3454087/EXP-B4/53/2026-FIN)

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ